



## സി.പി.എം. മാതൃകയായി സി.പി.ഐ. യോ?

പാർട്ടി സംസ്ഥാന സമ്മേളനം പണക്കൊഴുപ്പിന്റെ ആർഭാടങ്ങളായിരുന്നെങ്കിലും പ്ലാസ്റ്റിക് ബോർഡുകളും ബാനറുകളുമൊഴിവാക്കി സി.പി.എം. തുണിയിൽ മാത്രം ബാനറെഴുതി പരമ്പരാഗത മാർഗ്ഗം പിന്തുടർന്ന് മാതൃകയായി. സി.പി.എമ്മിന്റെ സാമ്പത്തിക ശേഷിപ്പ് പ്ലാസ്റ്റിക് ബാനറുകളും, ഫ്ളക്സ് ബോർഡുകളും നിർമ്മിച്ചിരുന്നെങ്കിൽ കൃത്യമായി റീസൈക്കിൾ ചെയ്യപ്പെടാതെ അതെല്ലാം പരിസ്ഥിതിക്ക് ദോഷമായി ഭവിച്ചേനെ. എന്നാൽ പരിസ്ഥിതി സൗഹൃദം അവകാശപ്പെടുന്ന, പ്രകൃതി വിഭവ സംരക്ഷണത്തിനായുള്ള സമരങ്ങളിലെല്ലാം (രാഷ്ട്രീയ താത്പര്യങ്ങളുണ്ടെങ്കിലും) കൈകോർക്കുന്ന സി.പി.ഐ. തൃശൂരിൽവെച്ച് നടക്കാൻ പോകുന്ന അവരുടെ സംസ്ഥാന സമ്മേളനത്തിന് പ്ലാസ്റ്റിക് നിർമ്മിത ബാനറുകളും ബോർഡുകളും കൊണ്ട് മോടി കൂട്ടുകയാണ്. പിണറായി നേതൃത്വസ്ഥാനത്ത് വന്നതോടെ സി.പി.എമ്മിൽ നിന്നും മൂല്യങ്ങൾ ചോർന്നു പോയി എന്ന് എല്ലാവരും കുറ്റപ്പെടുത്തുന്നുണ്ടെങ്കിലും വിവേചബുദ്ധിയുള്ള ഇത്തരം നിലപാടുകൾക്ക് നമുക്ക് അദ്ദേഹത്തോട് നന്ദിപറയാം.

*എം.സുരേന്ദ്രൻ, നെന്മാറ, പാലക്കാട്*

## കേരളത്തിന് വേണ്ടത് ശബരി റെയിൽപാതയല്ല

ഫാസ്റ്റ്ട്രാക്ക് അടിസ്ഥാനത്തിൽ വരാൻ പോകുന്ന ശബരി റെയിൽപാതയുണ്ടാക്കുന്ന പാരിസ്ഥിതിക സാമൂഹിക പ്രശ്നങ്ങൾ കേരളീയത്തിൽ വായിച്ചു. മധ്യകേരളത്തിന്റെ സാമ്പത്തിക ഭദ്രതയെ നിലനിർത്തുന്ന റബ്ബർതോട്ടങ്ങളും മറ്റ് മലയോര കൃഷികളും ഇടിച്ചുനിരത്തി ഇത്തരമൊരു പാത കടന്നുപോകുന്നത് തീർച്ചയായും ഞങ്ങളുടെ ജീവിതത്തെ സാരമായി ബാധിക്കും. നിലവിലുള്ള പാതകൾ ഇരട്ടിപ്പിക്കാനും, വൈദ്യുതീകരണം നടത്താനും കഴിയാതെ നമ്മുടെ പാളങ്ങളിലൂടെ പതിവായി സൂപ്പർഫാസ്റ്റ് ട്രെയിനുകൾ പോലും ഇഴഞ്ഞ് നീങ്ങുമ്പോൾ അക്കാര്യങ്ങളിലൊന്നും തീരുമാനമെടുക്കാതെ ശബരിപാതയ്ക്ക് മുറവിളി കൂട്ടുന്നതിന്റെ യുക്തി മനസ്സിലാകുന്നില്ല. സൂചി കുത്താനിടമില്ലാത്ത രീതിയിൽ തിരക്കുള്ള നമ്മുടെ ട്രെയിനുകളിലെ ജനറൽ കമ്പാർട്ടുമെന്റിൽ ഒരിക്കലെങ്കിലും കയറിയാൽ ശബരിപാതയാണ് അത്യാവശ്യമായി വേണ്ടതെന്ന് ആരും പറയില്ല. ഇപ്പോൾ തന്നെ ശബരിമല സീസണായാൽ ഭക്തന്മാരുടെ തിരക്ക് കാരണം കേരളത്തിലെ ഒരു റെയിൽവേ സ്റ്റേഷനിലും പോകാൻ കഴിയാത്ത സ്ഥിതിയാണ്. ഇതൊന്നും പരിഹരിക്കാൻ കഴിയാത്തവരാണ് മദ്ധ്യകേരളത്തിലെ കുന്നുകളെല്ലാം ഇടിച്ചുനിരത്തി ജനജീവിതങ്ങളെ കുടിയിറക്കി ശബരിപാത പണിയാൻ പോകുന്നത്.

*സി.എൻ. അബ്ദുളക്കുട്ടി, തൊടുപുഴ*

## ഇതാണോ കേരളാ ടൂറിസം?

കഴിഞ്ഞ കേരളീയത്തിൽ പ്രസിദ്ധീകരിച്ച ഡോ. ടി.ടി. ശ്രീകുമാറിന്റെ ടൂറിസത്തെക്കുറിച്ചുള്ള ലേഖനം ഞെട്ടിക്കുന്ന വസ്തുതകളാണ് നൽകിയത്. ലോകത്തിലാകമാനമുള്ള വിനോദസഞ്ചാരികളിൽ കേവലം 0.9 ശതമാനം മാത്രമെ ഇന്ത്യയുൾപ്പെടുന്ന ദക്ഷിണേന്ത്യൻ രാജ്യങ്ങളിൽ വരുന്നുള്ളുവെന്ന കൃത്യമായ കണക്കുകളുള്ളപ്പോൾ നമ്മൾ ടൂറിസത്തിന്റെ പേരിൽ വാചാലമാകുന്നത് എന്തിനാണ്? ദൈവത്തിന്റെ സ്വന്തം നാടെന്ന് പറഞ്ഞ് കൊട്ടിഘോഷിക്കുന്ന കേരള ടൂറിസം റിസോർട്ട് ടൂറിസങ്ങളുടെ അധ:പതിച്ചിരിക്കുകയാണ്. പ്രകൃതി മനോഹരമായ നമ്മുടെ സ്ഥലങ്ങളെല്ലാം വമ്പൻ റിസോർട്ടുകൾ കയ്യേറി സാധാരണക്കാരന് വിനോദസഞ്ചാരം അപ്രാപ്യമായിത്തീരുകയാണ്. കോടികൾ മുടക്കി ടൂറിസം മേളകൾ നടത്തുന്ന ഭരണാധികാരി ഈ കണക്കുകൾക്ക് മറുപടി പറയേണ്ടതാണ്.

*ഡി.ജയദേവ്, ചാത്തനാട്, ആലപ്പുഴ*

## പ്രൈവറ്റ് പോസ്റ്റ്മോർട്ടം തടയുക

സ്വകാര്യ മെഡിക്കൽ കോളേജ് മാനേജ്മെന്റുകളും മന്ത്രിസഭാ ഉപസമിതിയും തമ്മിൽ നടന്ന ചർച്ചയെ തുടർന്ന്, പ്രൈവറ്റ് പോസ്റ്റമോർട്ടം അനുവദിക്കണമെന്ന മാനേജ്മെന്റുകളുടെ ആവശ്യവും അതിനായി നിയമം ഭേദഗതി ചെയ്യുന്ന കാര്യവും അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് മന്ത്രിസഭാ ഉപസമിതിക്കു വേണ്ടി വിദ്യാഭ്യാസമന്ത്രി എം.എ.ബേബിയും ആരോഗ്യമന്ത്രി പി.കെ. ശ്രീമതിയും ആലോചനയില്ലാതെ പ്രസ്താവിച്ചിരിക്കുകയാണ്.

ക്രിമിനൽ നടപടി നിയമം (സി.ആർ.പി.സി. 174 (3) (5)) അനുസരിച്ച് സിവിൽസർജനോ സർക്കാർ പ്രത്യേകം നിയമിക്കുന്ന ഡോക്ടർക്കോ അല്ലാതെ മറ്റാർക്കും പോസ്റ്റ്മോർട്ടം പരിശോധനയ്ക്കുള്ള അധികാരമില്ല. പ്രൈവറ്റ് പോസ്റ്റ്മോർട്ടം നിയമവിരുദ്ധമാണ്. എന്നാൽ പ്രത്യേക സ്ഥാപനങ്ങളിൽ പ്രൈവറ്റ് പോസ്റ്റ്മോർട്ടം സർക്കാർ അനുവദിച്ചു കഴിഞ്ഞിട്ടുള്ളതായ വിവരം പുറത്ത് വന്നിട്ടുണ്ട്.

എറണാകുളം ജില്ലയിലെ 'അമൃത' ആശുപത്രിയിൽ (എ.ഐ.എം.എസ്. ഇടപ്പള്ളി) കഴിഞ്ഞ കൊല്ലം മുതൽ തന്നെ പോസ്റ്റ്മോർട്ടം പരിശോധനകൾ നടന്നുവരുന്നുണ്ട്. പൊതുജനശ്രദ്ധയിൽ വരാതെ പ്രത്യേക ഉത്തരവ് വഴിയാണ് സംസ്ഥാന ആഭ്യന്തരവകുപ്പ് 'അമൃതാ' ആശുപത്രിയിൽ പോസ്റ്റ്മോർട്ടം പരിശോധന അനുവദിച്ചത്. മറ്റു ചില സ്വകാര്യ മെഡിക്കൽ കോളേജുകളുടെ കാര്യത്തിലും സമാനമായ നീക്കം നടന്നതായി സൂചനയുണ്ട്. പ്രൈവറ്റ് പോസ്റ്റ്മോർട്ടത്തിന് നിയമസാധുത ഇല്ലാത്തത് കൊണ്ടുതന്നെ പ്രൈവറ്റ് മെഡിക്കൽ കോളേജുകളിൽ പോസ്റ്റ് മോർട്ടം നടന്ന കേസുകളിൽ കടുത്ത അനീതിയാണ് സംഭവിച്ചിട്ടുള്ളത് എന്നത് വ്യക്തമാണ്.

പ്രൈവറ്റ് പോസ്റ്റ്മോർട്ടം തടയുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ കൈക്കൊള്ളണമെന്ന നിലപാടിൽ പ്രക്ഷോഭ പരിപാടികൾ രൂപപ്പെടുത്താൻ തിരുവനന്തപുരത്ത് ഫെബ്രുവരി 21-ന് ജനാധിപത്യവാദികളുടെ മുൻകയ്യിൽ ജനകീയകൺവെൻഷൻ നടന്നു.

*ഗിരീഷ്കുമാർ, കണ്ണൂർ, 9947787523*

## മണ്ണെടുപ്പ് തടയാൻ കോടതി ഉത്തരവ്

എരയാംകുടി പാടത്തുനിന്നും ലൈസൻസില്ലാത്ത മണ്ണെടുക്കുകയോ ലൈസൻസ് വ്യവസ്ഥ തെറ്റിക്കുകയോ ചെയ്യുന്ന ഇഷ്ടിക നിർമ്മാണ യൂണിറ്റുകൾക്കെ നിയമാനുസൃത നടപടിയെടുക്കണമെന്ന് ഹൈക്കോടതി ഉത്തരവ്. മണ്ണെടുപ്പ് നിരോധിച്ച തൃശൂർ ആർ.ഡി.ഒ.യുടെ ഉത്തരവിനെ ചോദ്യംചെയ്ത് നെടുമ്പാശ്ശേരി സ്വദേശി വി.വി. പൗലോസ് സമർപ്പിച്ച ഹർജിയിലാണ് ജസ്റ്റിസ് ആന്റണി ഡൊമിനിക്കന്റെ ഉത്തരവ്. കേരള ഭൂവിനിയോഗ ഉത്തരവിലെ തത്വങ്ങൾക്ക് വിരുദ്ധമായ പ്രവർത്തനങ്ങൾ തടയാനാണിതെന്ന് കോടതി വിലയിരുത്തി.